53 (2431) ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിലെ നിയമനം

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിൽ ജീവനക്കാരെ നിയമിക്കുന്നതിന്റെ മാനദണ്ഡം എന്താണ്;

(ബി) ജീവനക്കാരെ നിയമിക്കുമ്പോൾ നിയമാനുസൃതമായ സംവരണതത്വം പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ;

(സി) ഉണ്ടെങ്കിൽ നിലവിലുള്ള സംവിധാനം വിശദീകരിക്കുമോ;

(ഡി) ഈരാറ്റുപേട്ട, കടുത്തുരുത്തി എക്സ്റ്റൻഷൻ സെന്ററിലും കോട്ടയം, തൊടുപുഴ സബ്സെന്ററിലും കരാർ അടിസ്ഥാനത്തിലും ദിവസക്കൂലിയിലും ജോലി ചെയ്യുന്നവരെ നിയമിച്ചപ്പോൾ സംവരണതത്വം പാലിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എത്ര പട്ടികജാതിക്കാരുണ്ടെന്നും എത്ര പട്ടികവർഗ്ഗക്കാരുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്ഥിരം ഒഴിവുകൾ ദിനപ്പത്രങ്ങളിൽ പരസ്യപ്പെടുത്തി യോഗ്യരായവരുടെ അപേക്ഷ സ്വീകരിച്ച് ആവശ്യമെന്നു കണ്ടാൽ ടെസ്റ്റോ ഇന്റർവ്യൂവോ അല്ലെങ്കിൽ രണ്ടും കൂടിയോ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കിയാണ് നിയമനം നടത്തുന്നത്. ജോലിയുടെ സ്വഭാവം അനുസരിച്ച് താൽക്കാലിക നിയമനങ്ങൾ കരാർ അടിസ്ഥാനത്തിലും ദിവസക്കൂലി അടിസ്ഥാനത്തിലും നടത്തുന്നുണ്ട്.

(ബി)&(സി) സംവരണതത്വം പാലിച്ചുതന്നെയാണ് സ്ഥിര നിയമനങ്ങൾ നടത്തുന്നത്.

(ഡി)&(ഇ) സ്ഥിര നിയമനത്തിൽ മാത്രമേ സംവരണതത്വം പാലിക്കാറുള്ളൂ. താൽക്കാലിക നിയമനം ലഭിച്ചവരിൽ ഈ സെന്ററുകളിൽ പട്ടികജാതിയിൽപ്പെട്ട 5 പേർ ജോലി ചെയ്തുവരുന്നു.

54 (2432) അൺ എയിഡഡ് സ്കൂൾ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. കെ.പി. വിശ്വനാഥൻ :

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അൺ എയിഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും സേവന-വേതന വ്യവസ്ഥകൾ നിർണ്ണയിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly